## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 247

20.6.2013 - ൽ
മറുപടിക്ക്

### കയർ മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എസ്. സുനിൽ കുമാർ<br>,, പി. തിലോത്തമൻ<br>,, കെ. അജിത്<br>,, വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർമേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ? എങ്കിൽ വിശദമാക്കുമോ | (എ) കയർ മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രവർത്തനക്ഷമമായ എല്ലാ - സംഘങ്ങൾക്കും 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്രവർത്തനമൂലധനം നൽകിയിട്ടുണ്ട്. സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള ധന-സഹായവും നല്കി വരുന്നു. കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി തൊണ്ടുസംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കുകയും കയർ പിരി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി 260/- രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തു. ആധുനികവത്ക്കരണത്തിന്റെയും വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. |

| | |
|---|---|
| | വിപണനം ശക്തമാക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)കയർ മേഖലയിലെ തൊഴിലാളികൾക്കും ചെറുകിട വ്യവസായികൾക്കും പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കയർമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കയർ പിരി, ഡീഫൈബറിംഗ് മേഖലയിലെ തൊഴിലാളികളുടെ കൂലിയിൽ ഒരു വിഹിതം സർക്കാർ നൽകുന്നുണ്ട്.<br><br>സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി മാറ്റ്സ് & മാറ്റിംഗ്സ് - സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷത്തിൽ നിന്നും 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഡീഫൈബറിംഗ് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനും ധനസഹായം നൽകിവരുന്നു. |
| സി) വായ്പയടക്കാൻ മാർഗ്ഗമില്ലാതെ ജപ്തി ഭീഷണി നേരിടുന്ന ചെറുകിട കയർ ഫാക്ടറിക്കാരെ സഹായിക്കാൻ എന്തെങ്കിലും നടപടികളുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | സി) കയർ വ്യവസായം തുടങ്ങാൻ വായ്പയെടുത്ത് കടബാദ്ധ്യതയിലായ ചെറുകിട ഉൽപ്പാദകർക്കും സഹകരണ സംഘങ്ങൾക്കും തങ്ങളുടെ ബാദ്ധ്യത ഒഴിവാക്കി സംരംഭം വിപുലീകരിക്കാൻ ഉതകുന്ന തരത്തിൽ വിഭാവനം ചെയ്ത് സർക്കാർ കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ